# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

## നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.6009

## 02-04-2018 ൽ മറുപടിക്ക്

## കിഫ്ബി ഫണ്ട് നിക്ഷേപിച്ചിട്ടുള്ള സ്വകാര്യ ബാങ്ക്

| ചോദ്യം<br>ശ്രീ. അടൂർ പ്രകാശ്<br>ശ്രീ. അൻവർ സാദത്ത്<br>ശ്രീ. കെ.എസ്.ശബരീനാഥൻ<br>ശ്രീ. വി.പി. സജീന്ദ്രൻ | മറുപടി<br>ശ്രീ. റ്റി.എം. തോമസ് ഐസക് (ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
|---|---|
| (എ) കിഫ്ബി ഫണ്ട് ഏതെങ്കിലും സ്വകാര്യ ബാങ്കിൽ സേവിംഗ്സ് ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏത് സ്വകാര്യ ബാങ്കിലെന്നും എന്ത് തുകയാണ് പ്രസ്തുത അക്കൗണ്ടിലുള്ളതെന്നും, പലിശ നിരക്ക് എത്രയെന്നും വ്യക്തമാക്കുമോ; | 2016 ലെ ഭേദഗതി ചെയ്ത കിഫ് ആക്റ്റിലെ 3-ാം വകുപ്പ് പ്രകാരം കിഫ്ബി നിധിയിൽ ലഭ്യമായിട്ടുള്ള തുകയിൽ നിന്നും 500 കോടി രൂപ കോട്ടക് മഹീന്ദ്ര ബാങ്കിൽ 5.7 ശതമാനം വാർഷിക പലിശ നിരക്കിൽ സേവിങ്സ് ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട്. |
| (ബി) പ്രസ്തുത തുക സർക്കാർ ട്രഷറികളിൽ സേവിംഗ്സ് ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിക്കാതെ സ്വകാര്യ ബാങ്കിൽ നിക്ഷേപിക്കുവാനുണ്ടായ സാഹചര്യം വ്യക്തമാക്കുമോ; | ഭേദഗതി ചെയ്ത കിഫ് ആക്റ്റ് പ്രകാരം കിഫ്ബി നിധിയിൽ ലഭ്യമാകുന്ന തുക സംസ്ഥാന ട്രഷറിയിലല്ലാതെയുള്ള വിവേകപൂർവ്വമായ നിക്ഷേപങ്ങളിൽ നിക്ഷേപിക്കുകയോ മുതൽ മുടക്കുകയോ ചെയ്യാവുന്നതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഈ സാഹചര്യത്തിൽ സെബി അംഗീകരിച്ച ക്രഡിറ്റ് റേറ്റിംഗ് ഏജൻസികൾ നൽകിയിട്ടുള്ള ഉയർന്ന റേറ്റിംഗിന്റെ അടിസ്ഥാനത്തിലാണ് കോട്ടക് മഹീന്ദ്ര ബാങ്കിൽ നിക്ഷേപിച്ചത്. ഇതിന് മെച്ചപ്പെട്ട പലിശ നിരക്ക് ലഭിക്കുന്നുണ്ട്. അതോടൊപ്പം ടി ബാങ്കിന്റെ സുഗമമായ ഓൺലൈൻ സേവനസൗകര്യവും കിഫ്ബിക്ക് പ്രയോജനപ്പെടുത്താൻ സാധിക്കും. |
| (സി) പ്രസ്തുത തുക ഹ്രസ്വകാല സ്ഥിരനിക്ഷേപമായി നാഷണലൈസ്ഡ് ബാങ്ക്/സർക്കാർ ട്രഷറിയിൽ ഇടുന്നതിന് എന്തെങ്കിലും തടസ്സമുണ്ടോ; വ്യക്തമാക്കുമോ? | കിഫ്ബി നിധിയിൽ നിലവിൽ ലഭ്യമായ ഭൂരിഭാഗം തുകയും ട്രഷറിയിലും ലാഭകരമായ ഹ്രസ്വകാല സ്ഥിരനിക്ഷേപങ്ങളിലുമായി നിക്ഷേപിച്ചിട്ടുണ്ട്. പദ്ധതികൾ നടപ്പിലാക്കുന്ന മുറയ്ക്ക് സമീപഭാവിയിൽ ആവശ്യമായി വരുന്ന തുക അനായാസം വിനിയോഗിക്കുന്നതിനായാണ് ആക്റ്റിലെ വ്യവസ്ഥ പ്രകാരം ബാക്കി തുക സേവിംഗ്സ് ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ